"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - ശ്രീ. നിജേഷ്. എം.കെ (CPO, R6447)- ക്ക് തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ ഫ്ളാറ്റ് ക്വാർട്ടേഴ്സ് നമ്പർ F8 - ൽ തുടർ താമസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1980/2025/HOME തീയതി,തിരുവനന്തപുരം, 16-06-2025

---

പരാമർശം:- 1. ശ്രീ. നിജേഷ്. എം.കെ (CPO, R6447) യുടെ 29.01.2025 ലെ അപേക്ഷ.

2. സംസ്ഥാന പോലീസ് മേധാവിയുടെ 28.04.2025 ലെ No. H14-42353/2025/PHQ നമ്പർ കത്ത് .

**<u>ഉത്തരവ്</u>**

തൃശ്ശൂർ സിറ്റിയിലെ കേരള പോലീസ് അക്കാദമിയിൽ സബ് ഇൻസ്പെക്ടർ ട്രെയിനിയായി ജോലി നോക്കുന്ന ശ്രീ. നിജേഷ്. എം.കെ., (CPO, R6447), തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ ഫ്ളാറ്റ് ക്വാർട്ടേഴ്സ് നം. F8 - ൽ താമസിച്ച് വരികയാണെന്നും ടിയാനെ 17.09.2024-ന് പ്രസ്തുത യൂണിറ്റിൽ നിന്നും വിടുതൽ ചെയ്തുവെന്നും, ടിയാൻ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ടിയാനെ പ്രസ്തുത ക്വാർട്ടേഴ്സിൽ സ്റ്റാൻഡേർഡ് റെന്റ് ഈടാക്കികൊണ്ട് ( സബ് ഇൻസ്പെക്ടർ ട്രെയിനികൾക്ക് വീട്ടുവാടക ബത്ത (HRA) ഇല്ലാത്തിനാൽ) 16.03.2025 വരെ, 6 മാസത്തേയ്ക്ക് കൂടി, തുടർന്ന് താമസിക്കുന്നതിന് തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ അനുമതി നൽകിയെന്നും , ടിയാൻ ഇപ്പോൾ കേരള പോലീസ് അക്കാദമിയിൽ പരിശീലനത്തിൽ ആയതിനാൽ ടിയാന്റെ കുടുംബത്തിന് താമസം ശരിയാക്കാൻ കഴിഞ്ഞിട്ടില്ലെന്നും ആയതിനാൽ മേൽ ക്വാർട്ടേഴ്സിൽ ഒരു വർഷം കൂടി താമസം അനുവദിക്കണമെന്നും ടിയാൻ പരാമർശം (1) പ്രകാരം അപേക്ഷിച്ചതായും പ്രസ്തുത യൂണിറ്റിൽ ക്വാർട്ടേഴ്സിനായി അപേക്ഷകളൊന്നും പെൻഡിംഗ് ഇല്ലെന്നും ടിയാന്റെ ട്രെയിനിംഗ് 2025 ആഗസ്റ്റിലോ സെപ്റ്റംബറിലോ പൂർത്തിയാകുമെന്നും തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചതായും ആയതിനാൽ, ശ്രീ. നിജേഷ്.എം.കെ., CPO R6447 ക്ക്, 17.03.2025 മുതൽ 16.09.2025 വരെ, 6 മാസത്തേക്ക് കൂടി, പ്രസ്തുത ക്വാർട്ടേഴ്സിൽ താമസം അനുവദിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം (2) പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചു.

2. .സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പരാമർശം (1) ലെ അപേക്ഷയുടെയും പരാമർശം (2)ലെ സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ, ശ്രീ. നിജേഷ്.എം.കെ., (CPO,R6447) - ക്ക് തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ ഫ്ളാറ്റ് ക്വാർട്ടേഴ്സ് നം. F8 - ൽ 17.03.2025 മുതൽ 16.09.2025 വരെ, മറ്റ് അർഹമായ അപേക്ഷകർ വന്നാൽ ക്വാർട്ടേഴ്സ് ഒഴിഞ്ഞ് നൽകണമെന്ന വ്യവസ്ഥയ്ക്ക്

വിധേയമായി,6 മാസത്തേക്ക് കൂടി, തുടർ താമസം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷമീം മുഹമ്മദ് ബി എം
അണ്ടർ സെക്രട്ടറി

1.സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.

2. പോലീസ് കമ്മീഷണർ, തൃശൂർ സിറ്റി

3.ശ്രീ. നിജേഷ്.എം.കെ., CPO ( പോലീസ് കമ്മീഷണർ, തൃശൂർ സിറ്റി മുഖേന)

4.കരുതൽ ഫയൽ( HOME-D3/82/2025-HOME )

ഉത്തരവിൻ പ്രകാരം
Signed by
Santhosh Mon T
Date: 16-06-2025 12:13:01

സെക്ഷൻ ഓഫീസർ

പകർപ്പ്,

1.ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,

2.അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്